(ബി) മാനസികാരോഗ്യരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേയ്ക്കായി സമഗ്രമായൊരു മാനസികാരോഗ്യനയം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.

കുതിരവട്ടം മാനസികാരോഗ്യകേന്ദ്രം

143 (854)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികൾക്കുള്ള ഭക്ഷണ സാധനങ്ങൾ ആരിൽ നിന്നാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സ്വകാര്യ വ്യക്തികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ ഭക്ഷണസാധനങ്ങൾ വാങ്ങുന്നുണ്ടോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നെങ്കിൽ എന്നുമുതലാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ വ്യക്തികൾ സാധനം വിതരണം ചെയ്തപ്പോഴും സിവിൽസപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്തപ്പോഴും കഴിഞ്ഞ രണ്ടു വർഷത്തിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോ, മിൽമാ, മൽസ്യഫെഡ്, സൂപ്പർമാർക്കറ്റ്, മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.

(ബി) ഇല്ല.

(സി) 1.4.99 മുതലാണ് സിവിൽ സപ്ലൈഡ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നത്.

(ഡി) 1997-98 ൽ മുഴുവനായും കരാറുകാരിൽ നിന്ന് 62,66,815 രൂപയ്ക്കും 98-99 ൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും കരാറുകാരിൽനിന്നും ആകെ 69,26,907 രൂപയ്ക്കും 30.11.99 മുതൽ മുഴുവൻ സാധനങ്ങളും സിവിൽ സപ്ലൈസിൽ നിന്നും 3720837 രൂപയ്ക്കും വാങ്ങിയിട്ടുണ്ട്.

ജനപ്പെരുപ്പം

144(855) ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്പെരുപ്പം തടയുന്നതിന് എല്ലാ ജനവിഭാഗത്തിൽ നിന്നും ആവശ്യമായ സഹായം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന നിയന്ത്രണത്തിന് ശാസ്ത്രീയമായ പുതിയ സംവിധാനങ്ങൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്രകാരം ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly